"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ ഫിറ്റ്നസ് കാലാവധി അവസാനിച്ച **2008 മോഡൽ KL 58 A 6422 നമ്പർ മഹിന്ദ്ര ബൊലേറോ വാഹനം,** നട്ടുവിൽ ഗവ. പോളിടെക്നിക് കോളേജിന് പ്രായോഗിക പഠനത്തിനായി വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1747/2026/LSGD തീയതി,തിരുവനന്തപുരം, 15-09-2026

---

പരാമർശം:-

1. ഗവ: പോളി ടെക്ക്ിക്ക് കോളേജ് നട്ടുവിൽ പ്രിൻസിപ്പലിന്റെ 06/03/2026 തീയ്യതിയിലെ GPCNDL/57/2026-D നമ്പർ അപേക്ഷ
2. മട്ടന്നൂർ നഗരസഭാ കൗൺസിലിന്റെ 25.04.2026 ലെ സാധാരണ യോഗത്തിന്റെ 28-ാം നമ്പർ തീരുമാനം
3. മട്ടന്നൂർ മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ 2/5/2026 ലെ 2491762 -2026 കത്ത്
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 06.06.2026 ലെ LSGD/PD/14577/2026-GEB2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും ഫിറ്റ്നസ് കാലാവധി അവസാനിച്ചതുമായ 2008 മോഡൽ KL 58 A 6422 നമ്പർ മഹിന്ദ്ര ബൊലേറോ വാഹനം നിലവിൽ ഉപയോഗശൂന്യമായതിനാൽ നിരാകരണം ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം മുഖേന വിലനിർണയം നടത്തി KFC FORM 21 ൽ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും, ഈ വാഹനം നട്ടുവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് വിഭാഗം വിദ്യാർത്ഥികൾക്ക് അവരുടെ പ്രായോഗിക പഠനത്തിനായി വിട്ടുനൽകണമെന്നുള്ള പരാമർശം (1) പ്രകാരമുള്ള കോളേജ് പ്രിൻസിപ്പലിന്റെ അപേക്ഷ പ്രകാരം വിദ്യാർത്ഥികളുടെ പഠനസൗകര്യം കണക്കിലെടുത്ത് പ്രസ്തുത വാഹനം പോളിടെക്നിക് കോളേജിന് കൈമാറുന്നതിന് പരാമർശം (2) പ്രകാരം മട്ടന്നൂർ മുനിസിപ്പൽ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെന്നും ആയതിനാൽ ടി വാഹനം വിട്ടുനൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്നുംപരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നട്ടുവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് വിഭാഗം വിദ്യാർത്ഥികളുടെ പ്രായോഗിക

പഠനത്തിന് ഒരു വാഹനം അത്യന്താപേക്ഷിതമാണെന്നും നിലവിൽ മൂന്നാം വർഷത്തിലേക്ക് കടന്നിരിക്കുന്ന കുട്ടികളുടെ പഠനാവശ്യത്തിനായി ഒരു വാഹനം പോലും ലഭ്യമായിട്ടില്ലാത്തതിനാൽ മട്ടന്നൂർ നഗരസഭയുടെ തദ്ദേശസ്വയംഭരണ വിഭാഗത്തിന്റെ കീഴിൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്നതും 'Certificate of Fitness' കാലാവധി കഴിഞ്ഞതുമായ KL 58 A 6422 എന്ന വാഹനം വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി വിട്ടുനൽകുന്നത് വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായകരമാകുമെന്ന് പ്രിൻസിപ്പൽ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും ഫിറ്റ്നസ് കാലാവധി അവസാനിച്ചതുമായ **2008 മോഡൽ KL 58 A 6422** നമ്പർ മഹിന്ദ്ര ബൊലേറോ വാഹനം, നടുവിൽ ഗവൺമെൻറ് പോളിടെക്നിക് കോളേജിലെ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് വിഭാഗം വിദ്യാർത്ഥികൾക്ക് അവരുടെ പ്രായോഗിക പഠനത്തിനായി വിട്ടുനൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2.സെക്രട്ടറി, മട്ടന്നൂർ നഗരസഭ
3.പ്രിൻസിപ്പൽ, നടുവിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കണ്ണൂർ
4.ധനകാര്യ(വികസന) വകുപ്പ്( 3562084/Dev -3/180/2026-FIN തീയതി 21/08/2026)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
6.ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
7.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
8. കരുതൽ ഫയൽ (ഡി.ബി2/399/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം
Digitally signed by
Smitha. L
Date: 16-09-2026
10:55:43
സെക്ഷൻ ഓഫീസർ